(ഡി) ഹയർ സെക്കന്ററി പഠനത്തിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും സ്കൂളുകൾ നിലനിൽക്കുന്ന പ്രദേശങ്ങളുടെ പ്രത്യേകതയും മറ്റ് സാമൂഹിക ഘടകങ്ങളും കണക്കിലെടുക്കേണ്ടതിനാൽ എല്ലാ പ്ലസ് വൺ ബാച്ചുകളിലും വിദ്യാർത്ഥികളുടെ എണ്ണം 50 ആക്കി നിജപ്പെടുത്തുവാൻ പ്രായോഗികമായി സാധിക്കുകയില്ല.

വി.എച്ച്.എസ്.ഇ., ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന ബധിരരായ കുട്ടികളുടെ റിക്വിസിറ്റ് അലവൻസ്

71 (5206) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ സ്കൂളുകളിലെ 1 മുതൽ 10 വരെയുള്ള കുട്ടികൾക്ക് നിലവിൽ പ്രതിമാസം ലഭിക്കുന്ന മെസ് അലവൻസ്, വാർഷിക സ്കൂൾ റിക്വിസിറ്റ് അലവൻസ് എന്നിവ പോലെ വി.എച്ച്.എസ്.ഇ., ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന ബധിരരായ കുട്ടികൾക്ക് റിക്വിസിറ്റ് അലവൻസ് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് അടിയന്തരമായി പരിഹാരം കാണുമോ ;

(സി) വി.എച്ച്.എസ്.ഇ.യിൽ പഠിക്കുന്ന ബധിരരായ വിദ്യാർത്ഥികൾക്ക് 20 രൂപ നിരക്കിൽ ലഭിക്കുന്ന മെസ് അലവൻസ് കാലാനുസൃതമായി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ യോഗ്യത

72 (5207) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരാവാനുള്ള (ഗവൺമെന്റ് ആന്റ് എയ്ഡഡ്) ഇപ്പോഴത്തെ യോഗ്യതയെന്താണ് ;

(ബി) പ്രസ്തുത യോഗ്യത നിശ്ചയിച്ചു കൊണ്ടുള്ള സ്പെഷ്യൽ റൂൾ ഭേദഗതി എന്നാണ് നിലവിൽ വന്നത് ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഒരേ വിദ്യാഭ്യാസ ഏജൻസിക്ക് കീഴിൽത്തന്നെ അദ്ധ്യാപന പരിചയമുള്ളവർ വേണമെന്നുള്ള ഉത്തരവ് പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന പ്ലസ് ടു സ്കൂളുകൾക്ക് എങ്ങനെ ബാധകമാക്കാനാകും ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി തുടങ്ങുന്ന ഇൻഡിവിഡ്വൽ മാനേജ്മെന്റ് പ്ലസ്ടു സ്കൂളുകളിൽ ഒരേ വിദ്യാഭ്യാസ ഏജൻസിക്ക് കീഴിൽ അദ്ധ്യാപന പരിചയ മുള്ളവർ എന്ന നിബന്ധന മാറ്റി 'വ്യത്യസ്ത ഏജൻസിക്ക് കീഴിൽ' എന്ന നിബന്ധന ഉൾപ്പെടുത്താനാവുമോ ?

ഉത്തരം

(എ) (i) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച മറ്റ് സർവ്വകലാശാലകളിൽ നിന്നോ 50% മാർക്കിൽ കുറയാതെ നേടിയ ബിരുദാനന്തരബിരുദം ;

(ii) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച മറ്റ് സർവ്വകലാശാലകളിൽ നിന്നോ നേടിയ ബി.എഡ്. ബിരുദം ;

.(iii) (a) ഗവൺമെന്റ് ഹയർ സെക്കന്ററി പ്രിൻസിപ്പാൾ ആയി നിയമിക്കപ്പെടുന്നതിന് കേരള ഹയർ സെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ്/കേരള ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസിലോ കുറഞ്ഞത് 12 വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം ഉണ്ടായിരിക്കണം. പ്രസ്തുത യോഗ്യത ഉള്ളവരുടെ അഭാവത്തിൽ ജനറൽ എഡ്യൂക്കേഷൻ സർവ്വീസിലെ ഹൈസ്കൂൾ/യു.പി. സ്കൂൾ/എൽ.പി. സ്കൂൾ എന്നിവിടങ്ങളിലെ അംഗീകൃത അദ്ധ്യാപന പരിചയം കൂടി പരിഗണിക്കുന്നതാണ്. പ്രസ്തുത പരിചയം അർഹത നൽകുന്ന സർവ്വീസ്സിനുമാത്രമാണ് പരിഗണിക്കുന്നത്. സീനിയോരിറ്റിക്ക് പരിഗണിക്കില്ല. ഇപ്രകാരം പരിഗണിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ഹയർ സെക്കന്ററി (ജൂനിയർ/സീനിയർ) തസ്തികയിൽ കുറഞ്ഞത് ആറുവർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണം.

(b) എയ്ഡഡ് ഹയർ സെക്കന്ററി പ്രിൻസിപ്പാൾ ആയി നിയമിക്കപ്പെടുന്നതിന് ഒരേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ കുറഞ്ഞത് 12 വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം ഉണ്ടായിരിക്കണം. പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ ഒരേ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള ഹൈസ്കൂൾ/യു.പി. സ്കൂൾ/എൽ.പി. സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപന പരിചയം കൂടി പരിഗണിക്കുന്നതാണ്. പ്രസ്തുത പരിചയം അർഹത നൽകുന്ന സർവ്വീസ്സിനുമാത്രമാണ് പരിഗണിക്കുന്നത്. സീനിയോറിറ്റിക്ക് പരിഗണിക്കില്ല. ഇപ്രകാരം പരിഗണിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ഹയർ സെക്കന്ററി(ജൂനിയർ/സീനിയർ) തസ്തികയിൽ കുറഞ്ഞത് ആറുവർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണം.

(ബി) 6-1-2006 മുതൽ മുൻകാല പ്രാബല്യത്തോടെ 27-3-2009-ലെ ജി.ഒ.(പി)നമ്പർ 92/09/പൊ.വി.വ. ജി.ഒ.(പി)നമ്പർ 93/09/പൊ.വി.വ. പ്രകാരം നിലവിൽ വന്നു. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള സ്പെഷ്യൽ റൂൾസ് എല്ലാ സ്കൂളുകളിലെ നിയമനങ്ങൾക്കും ബാധകമാണ്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഹയർ സെക്കന്ററി തലത്തിലെ തസ്തികകൾ

73 (5208) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി തലത്തിൽ മതിയായ തസ്തികകൾ സൃഷ്ടിക്കാത്തത് കാരണം വിദ്യാർത്ഥികൾക്ക് അദ്ധ്യായന സമയം നഷ്ടമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കന്ററി സ്പെഷ്യൽ റൂളിൽ പറയുന്ന ക്ലാർക്ക്, ലൈബ്രേറിയൻ, പ്യൂൺ, മിനിയൻ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തസ്തികകൾ എന്നത്തേയ്ക്ക് സൃഷ്ടിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത ഹയർ സെക്കന്ററി സ്കൂളുകളിൽ ദിവസവേതന വ്യവസ്ഥയിൽ അദ്ധ്യാപകരെ താൽക്കാലികമായി നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

ഹയർ സെക്കന്ററി വകുപ്പിൽ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലേക്കുള്ള പ്രമോഷൻ മാനദണ്ഡങ്ങൾ

74 (5209) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലേക്കുള്ള പ്രമോഷൻ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) അതുപ്രകാരം എല്ലാ വിഷയങ്ങളിലേയും ജൂനിയർ അദ്ധ്യാപകരുടെയും ഹൈസ്കൂൾ അദ്ധ്യാപകരുടെയും പ്രമോഷൻ നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) എച്ച്.എസ്.എസ്.ടി.സീനിയർ (അറബിക്) പ്രമോഷൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly